(ബി&സി) കരട് വ്യോമയാന നയത്തിൽ രാജ്യത്തെ മെട്രോപോളിറ്റൻ വിമാനത്താവളങ്ങളെ മാത്രമാണ് അന്താരാഷ്ട്ര ഹബ്ബ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ വിമാനത്താവളങ്ങൾ മെട്രോപോളിറ്റൻ വിഭാഗത്തിൽപെടാത്ത വയായതിനാലാണ് ഇതിൽ ഉൾപ്പെടാതെ പോയത്. എന്നാൽ യാത്രക്കാരുടെ എണ്ണത്തിൽ മുൻപന്തിയിലുള്ള, രാജ്യത്തെ വ്യോമയാന മേഖലയുടെ കുതിപ്പിന് തന്നെ വഴിവച്ച ആദ്യത്തെ പി.പി.പി. വിമാനത്താവളമായ Cochin International Airport Limited (CIAL)-നെ കരട് വ്യോമയാന നയത്തിൽ വിഭാവനം ചെയ്യുന്ന International Hub Category യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30-12-2014-ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു. കേരളത്തിൽനിന്നുള്ള ബഹു. എം.പി.മാരോട് ഇക്കാര്യത്തിൽ ഇടപെടുവാനും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

3(*3) <u>ശ്രീമതി ഗീതാ ഗോപി</u> :

<u>ശ്രീ. പി. തിലോത്തമൻ</u> :

<u>ശ്രീ. ഇ. കെ. വിജയൻ</u> :

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ തൊഴിൽ രഹിതരാകുന്ന മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും സംബന്ധിച്ച് സ്ഥിതിവിവരക്കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം വരുമെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശയാനങ്ങൾക്കൊപ്പം സംയുക്ത സംരംഭകർക്കും റിപ്പോർട്ടിൽ അനുമതി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംയുക്ത സംരംഭകർക്കാണ് അനുമതി ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) തൊഴിൽരഹിതരാകുന്ന മത്സ്യ-അനുബന്ധ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചാലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു):

(എ) ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുകയാണെങ്കിൽ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും സംബന്ധിച്ച് സ്ഥിതിവിവരക്കണക്ക് എടുത്തിട്ടില്ല. കേരളത്തിൽ 2,33,000 ആക്ടീവ് ഫിഷർമെന്നും 76,500 അനുബന്ധത്തൊഴിലാളികളും ഉണ്ട്. റിപ്പോർട്ട് നടപ്പാക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാപേരെയും ബാധിക്കും.

(ബി) ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള മതിയായ സാങ്കേതിക വിദ്യയും മത്സ്യബന്ധനയാനങ്ങൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും പരിശീലനം സിദ്ധിച്ച മത്സ്യത്തൊഴിലാളികളും ഇന്ത്യക്ക് ഇല്ല എന്ന് കമ്മിറ്റി കണ്ടെത്തുകയും ആയതിനാൽ സംയുക്ത സംരംഭത്തിലൂടെയോ അല്ലാതെയോ (either joint venture or leasing) വിദേശ രാജ്യങ്ങളുമായി സഹകരിച്ച് പ്രസ്തുത സൗകര്യങ്ങളും പരിശീലനവും സിദ്ധിച്ച വിദേശ തൊഴിലാളികളെയും ലഭ്യമാക്കി ആഴക്കടലിലെ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. 51% കുറയാതെയുള്ള ഇന്ത്യൻ ഇക്വിറ്റിയുള്ള Joint Venture ആണ് കേന്ദ്ര സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) തൊഴിൽരഹിതരാകുന്ന മത്സ്യഅനുബന്ധ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. മീനാകുമാരി കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പാടില്ല എന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

K.S.R.T.C.- യെ ലാഭത്തിലാക്കാൻ നടപടി

4(*4) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ.മുരളീധരൻ :

ശ്രീ. വി.ഡി.സതീശൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) K.S.R.T.C.-യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) K.S.R.T.C.-യെ ലാഭത്തിലാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly